**GOVT. POLYTECHNIC COLLEGE MEENANGADI**
**MEENANGADI (PO), WAYANAD DISTRICT, KERALA STATE**
**PIN-673591, Phone- 04936 247420**

---

**ലാറ്ററൽ എൻട്രി ഡിപ്ലോമ പ്രവേശനം 2024 25**

വയനാട് ജില്ലയിലെ മീനങ്ങാടി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ രണ്ടാം വർഷ ക്ലാസുകളിലേക്കുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ **2024 ഒക്ടോബർ 8 ചൊവ്വാഴ്ച** മീനങ്ങാടി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ വച്ച് നടത്തുന്നു. പ്ലസ് ടു /വിഎച്ച്എസ്ഇ, ITI/KGCE വിഭാഗത്തിൽ ലാറ്ററൽ എൻട്രി പ്രവേശനത്തിന് അപേക്ഷിച്ച, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്.

**രജിസ്ട്രേഷൻ സമയം രാവിലെ 9. 30 മണി മുതൽ 10.00 മണി വരെ.**

ഇതുവരെ അപേക്ഷ സമർപ്പിക്കാത്ത കുട്ടികൾക്ക് www.polyadmission.org/let എന്ന അഡ്മിഷൻ പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അഡ്മിഷൻ നടപടികളിൽ പങ്കെടുക്കാവുന്നതാണ്. എസ്എസ്എൽസി, പ്ലസ് ടു/വിഎച്ച്എസ്ഇ, ITI/KGCE സർട്ടിഫിക്കറ്റുകൾ, ടിസി, സ്വഭാവ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ജാതി സംവരണം, മറ്റ് സംവരണങ്ങൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. പ്രവേശനം ലഭിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ അപേക്ഷകർ കോഷൻ ഡിപ്പോസിറ്റ് ആയി 1000/- രൂപയും ഒരു ലക്ഷത്തിൽ താഴെ കുടുംബ വാർഷി വരുമാനമുള്ളവർ ഫീസും കോഷൻ ഡിപ്പോസിറ്റുമായി 11000/- രൂപയും ഒരു ലക്ഷത്തിനു മുകളിൽ കുടുംബ വാർഷിക വരുമാനം ഉള്ളവർ 14105/- രൂപയും GPAY/PHONEPE/PAYTM, മുഖേന ഓഫീസിൽ അടക്കേണ്ടതാണ്. ഇതുകൂടാതെ പിടിഎ ഫണ്ടായി 2500 രൂപ പണമായി ഒടുക്കേണ്ടതാണ്. (രണ്ടു ജോഡി യുണിഫോം തുണിക്ക് ഏകദേശം 1500/- രൂപയും കരുതേണ്ടതാണ്).

**പ്രത്യേക ശ്രദ്ധയ്ക്ക്** - ലാറ്ററൽ എൻട്രി വഴി അഡ്മിഷൻ നേടിയ കുട്ടികളുടെ ക്ലാസുകൾ വളരെ നേരത്തെ തുടങ്ങിയിട്ടുള്ളതാണ്. സാങ്കേതിക പരീക്ഷ കൺട്രോളർ നിശ്ചയിക്കുന്ന സമയം പ്രകാരം സെമസ്റ്റർ പരീക്ഷകൾ നടക്കുന്നതാണ്. പുതുതായി അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് സെമസ്റ്റർ പരീക്ഷകൾക്ക് വേണ്ടി പ്രത്യേക പരിഗണനയൊന്നും ലഭിക്കുന്നതല്ല എന്ന കാര്യം അറിയിച്ചുകൊള്ളുന്നു.

വിശദവിവരങ്ങൾക്ക് 9446162634, 04935247420 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് .

മീനങ്ങാടി,
30-09-2024

പ്രിൻസിപ്പൽ

പ്രിൻസിപ്പാൾ
സർക്കാർ പോളിടെക്നിക് കോളേജ
മീനങ്ങാടി, വയനാട് - 673 591

സർക്കാർ പോളിടെക്നിക് കോളേജ് വയനാട് മീനങ്ങാടി - 673 591